Santhigiri

ഗുരുവാണി

"എല്ലാവരോടും മിത്രഭാവം, കരുണ, ക്ഷമ, അഹങ്കാരമില്ലായ്മ, സുഖത്തിലും ദുഖത്തിലും ഇളകിപ്പോകാത്ത മനസ്ഥിതി ഇവ ഉണ്ടായിരിക്കുക. ഇത്രയും കൊണ്ട് നിങ്ങൾ നിങ്ങളെയും ഈശ്വരനെയും സ്നേഹിക്കുന്നവരായി മാറും."

ഉമ്മിണിതങ്കം

VOL 03 | ISSUE 10 | 2017 മാർച്ച് 05 | 1192 കുംഭം 21

Newspaper published from Santhigiri Ashram / For Private Circulation Only / www.santhigiriashram.org

തിരുവനന്തപുരം റൂറൽ

# ഗുരുശിഷ്യപാരസ്പര്യത്തിന്റെ നിറവിൽ പൂജിതപീഠം സമർപ്പണം ആഘോഷിച്ചു

**സ്പിരിചൽ സോൺ:** വ്രതശുദ്ധിയോടെ എത്തിയ ആയിരക്കണക്കിന് ഗുരുഭക്തരുടെ പ്രാർത്ഥനയുടെ നിറവിൽ ശാന്തിഗിരി ആശ്രമത്തിൽ പൂജിതപീഠം സമർപ്പണം ആഘോഷിച്ചു. ആശ്രമസമുച്ചയത്തിൽ പ്രത്യേകം സജ്ജമാക്കിയ യജ്ഞശാലയിൽ സുഗന്ധദ്രവ്യങ്ങൾ ചേർത്തു തയ്യാറാക്കിയ തീർത്ഥം മകുടങ്ങളിൽ നിറച്ച് പീതവസ്ത്രംകൊണ്ടു പൊതിഞ്ഞുകെട്ടി, നാളികേരം വച്ച്, പൂമാല ചാർത്തി ഒരുക്കുന്ന കുംഭങ്ങൾ ഗുരുഭക്തർ ശിരസ്സിലേറ്റി ഘോഷയാത്രയായി ആശ്രമ സമുച്ചയം വലം വച്ച് ഗുരുസന്നിധിയിൽ സമർപ്പിച്ചു. 41 ദിവസത്തെ വ്രതാനുഷ്ഠാനങ്ങളോടെ കുംഭം എടുക്കുന്നത് തീരാവ്യാധികളും, കുടുംബദോഷങ്ങൾ മാറ്റി പിതൃശുദ്ധിവരുത്തുന്ന കർമ്മമാണിത്. രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നും ആയിരങ്ങൾ പങ്കുചേർന്ന കുംഭഘോഷയാത്ര ശാന്തിഗിരി ആശ്രമത്തെ അക്ഷരാർത്ഥത്തിൽ ഭക്തിസാന്ദ്രമാക്കി.

വൈകിട്ട് അഞ്ചുമണിയോടുകൂടി സന്ന്യാസി സന്ന്യാസിനിമാരുടെ നേതൃത്വത്തിൽ കുംഭമേള ഘോഷയാത്രയ്ക്ക് തുടക്കമായി. മേളയ്ക്കായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പതിനായിരങ്ങൾ പങ്കെടുത്തു. പഞ്ചവാദ്യം, നാദസ്വരം, പെരുമ്പറ എന്നിവയുൾപ്പെടെ ഒട്ടേറെ വാദ്യമേളങ്ങൾ കുംഭമേളയെആകർഷകമാക്കി. പൂർണ്ണ കുംഭമേന്തിയ ആയിരക്കണക്കിന് വിശ്വാസികൾക്കൊപ്പം ദീപമേന്തിയവരും സുവർണതാമര പതിപ്പിച്ച വർണക്കുടകൾ പിടിച്ചവരും ഗുരുനാമജപവുമായി നടന്നനീങ്ങിയപ്പോൾ അന്തരീക്ഷം ഭക്തിസാന്ദ്രവും സുഗന്ധപൂരിതവുമായി.



*പൂജിതപീഠം സമർപ്പണം - അർദ്ധവാർഷിക കുംഭമേളയിൽ നിന്ന്*

രാവിലെ അഞ്ചിന് പർണശാലയിൽ നടന്ന പ്രത്യേക പുഷ്പാജ്ഞാലിയോടെ പ്രാർത്ഥനകൾക്ക് തുടക്കമായി. ആശ്രമത്തിലെ സന്ന്യാസസംഘത്തിന്റെയും നിയുക്തരായ എഴുപത്തിരണ്ട് പേരുടെയും നേതൃത്വത്തിലാണ് പർണശാലയിൽ പുഷ്പാഞ്ജലി നടന്നത്.

തുടർന്ന് 6ന് ധ്വജം ഉയർത്തൽ, സന്ന്യാസസംഘത്തിന്റെ നേതൃത്വത്തിൽ പുഷ്പസമർപ്പണം, ഗുരുപാദവന്ദനം, 10 മണി മുതൽ ഗരുദർശനം, പ്രസാദവിതരണം എന്നിവ നടന്നു.

# നവഒലി ജ്യോതിർദിനം ഏരിയ യോഗങ്ങൾക്ക് തുടക്കമായി

**സ്പിരിചൽസോൺ :** നവഒലി ജ്യോതിർദിനം - 18 സർവ്വമംഗളസുദിനത്തോടനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ ഏരിയകളിലും മീറ്റിംഗുകൾക്ക് തുടക്കമായി. ഗുരുധർമ്മ പ്രകാശസഭ അംഗങ്ങളുടെ നേതൃത്വത്തിൽ അഞ്ച് ടീമുകളുടെ നേതൃത്വത്തിൽ ഏരിയകളിലെ വിവിധ കേന്ദ്രങ്ങളിൽ ഒരു മാസത്തോളം നീണ്ടുനിൽക്കുന്ന മീറ്റിംഗുകളാണ് സംഘടിപ്പിക്കുന്നത്. മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ മീറ്റിംഗുകളിൽ ആശ്രമം ജനറൽ സെക്രട്ടറി സർവ്വാദരണീയ സ്വാമി ചൈതന്യ ജ്ഞാന തപസ്വി സംസാരിക്കും. ആദരണീയ സ്വാമി വന്ദനരൂപൻ ജ്ഞാന തപസ്വി, ആദരണീയ സ്വാമി ജനപുഷ്പൻ ജ്ഞാന തപസ്വി എന്നിവർ പങ്കെടുക്കും. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിലെ ഏരിയകളിൽ നടക്കുന്ന മീറ്റിംഗിൽ ആശ്രമം ഡയറക്ടർ സർവ്വാദരണീയ സ്വാമി നവനന്മ ജ്ഞാന തപസ്വി സംസാരിക്കും. ആദരണീയസ്വാമി ജ്ഞാനദത്തൻ ജ്ഞാന തപസ്വി, ആദരണീയ സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി എന്നിവർ പങ്കെടുക്കും. ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട് എന്നീ ജില്ലകളിലെ ഏരിയകളിൽ നടക്കുന്ന മീറ്റിംഗുകളിൽ സർവ്വാദരണീയ സ്വാമി സ്നേഹാത്മ ജ്ഞാന തപസ്വി സംസാരിക്കും. ആദരണീയ സ്വാമി ജനനന്മ ജ്ഞാന തപസ്വി, ആദരണീയ സ്വാമി ജ്യോതിചന്ദ്രൻ ജ്ഞാനതപസ്വി, ആദരണീയ സ്വാമി ജനസമ്മതൻ ജ്ഞാന തപസ്വി എന്നിവർ സംബന്ധിക്കുന്നതാണ്. തിരുവനന്തപുരം റൂറൽ ഏരിയയിൽ 12 യൂണിറ്റുകളിലായി നടക്കുന്ന മീറ്റിംഗുകളിൽ ആദരണീയ സ്വാമി ഗുരുസവിധ് ജ്ഞാന തപസ്വി, ആദരണീയ സ്വാമി ജനമോഹനൻ ജ്ഞാന തപസ്വി എന്നിവർ പങ്കെടുക്കും.

**ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം യൂണിറ്റ് മീറ്റിംഗ് ഷെഡ്യൂൾ**

| തീയതി | സമയം | സ്ഥലം |
|---|---|---|
| മാർച്ച് 12 ഞായർ | 10 AM to 12 PM | ജ്യോതിപുരം |
| | 3 PM to 5 PM | സ്നേഹപുരം |
| | 7 PM to 9 PM | ആനന്ദപുരം |
| മാർച്ച് 19 ഞായർ | 10 AM to 12 PM | രത്നഗിരി |
| | 3 PM to 5 PM | ലക്ഷ്മിപുരം |
| | 7 PM to 9 PM | ശാന്തിഗിരി ജംഗ്ഷൻ |
| മാർച്ച് 25 ശനി | 7 PM to 9 PM | ശാന്തിപുരം |
| മാർച്ച് 26 ഞായർ | 3 PM to 5 PM | ജനസേവികപുരം |
| | 7 PM to 9 PM | കരുണപുരം |
| | 7 PM to 9 PM | കാഞ്ഞാംപാറ |
| മാർച്ച് 27 തിങ്കൾ | 7 PM to 9 PM | പാലോട്ടുകോണം |
| മാർച്ച് 28 ചൊവ്വ | 7 PM to 9 PM | പോത്തൻകോട് |

ഗുരുചരണം ശരണം

മോഹനം ഒപ്റ്റിക്കൽസ്

കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് &
കോൺടാക്ട് ലെൻസ് ക്ലിനിക്ക്
(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)

ഫോൺ : 8089695320

# ഗുരുവാണി

നമുക്കുവേണ്ടി നല്ല നല്ല വാസനകൾ സൃഷ്ടിച്ചെടുക്കണം. അതിനുവേണ്ടി നമുക്കുതന്നെ ബദ്ധപ്പാട് വേണം. കേറിക്കിടക്കാൻ സ്ഥലമില്ലാത്തവൻ ഒരു പത്തു സെന്റിനകത്ത് അവന്റെ മക്കളെ വളർത്തിയാൽ അതിന് അതിന്റേതായ മേന്മയുണ്ട്. ആ മേന്മയെക്കുറിച്ച് മനസ്സിലാക്കേണ്ടത് അനുഭവത്തിൽക്കൂടിയാണ്. നാട്ടുകാർക്ക് എന്ത് ഗുണമുണ്ട്, നാടിന് എന്ത് ഗുണമുണ്ട്, അച്ഛനും അമ്മയ്ക്കും എന്തു ഗുണമുണ്ട്, എന്തു കെടുതിയുണ്ട്... ഇതൊക്കെ വിവേചിച്ചറിയാൻ കഴിയണം. നേരത്തെ സൂചിപ്പിച്ച തനതായ വാസന, പൈതൃകം ഈ ഭാഗങ്ങൾ ഗുരുവാടങ്ങളിൽ നിന്നാണ് അറിയേണ്ടതും വളർത്തേണ്ടതും. നഷ്ടപ്പെട്ടുപോയ ആ ഭാഗങ്ങൾ വീണ്ടെടുക്കാൻ ദൈവമായി നമുക്ക് അവസരം തന്നിരിക്കുന്നു. അതു നേരെ ചെയ്തെടുത്തില്ലെങ്കിൽ ഇനിയും നഷ്ടപ്പെട്ടുപോകും. അത് ദൈവനിശ്ചയത്തിനു താങ്ങും തണലുമായി വളർത്തിക്കൊണ്ടു വരണം. അങ്ങനെ വളർത്തിയില്ലെങ്കിൽ അഥവാ ലോകനീതിയിൽ പിടിച്ച് വളർത്താൻ ശ്രമിച്ചാൽ ദൈവം അതു പിന്നെ കൊടുക്കുകയില്ല. ഇസ്ലാം മതത്തിൽ എല്ലാക്കാലത്തും കൊലയും കൊള്ളിവയ്പും നടക്കുന്നത് കാലത്തിനൊത്ത സംസ്കാരം വളർത്തി എടുക്കാത്തതുകൊണ്ടാണ്. ഇവിടെ വിശ്വസിക്കുന്ന ഗൃഹസ്ഥാശ്രമികളുടെ കുട്ടികളെ ഈ വാസനയിൽപ്പെടുത്തി കൊണ്ടുപോകണം. ഈ തലമുറയിൽ ഇതിൽ ബന്ധപ്പെട്ടവരും ബന്ധപ്പെടാത്തവരും തമ്മിൽ വെളിച്ചവും ഇരുട്ടും തമ്മിലുള്ള വ്യത്യാസമുണ്ട്.

ഹരിജൻകുട്ടികളിൽ ഉയർന്ന സംസ്കാരമുള്ളവരും ഇല്ലാത്തവരും ഒരുപോലെയല്ല. നായർതൊട്ടു താഴോട്ടുള്ള ജനങ്ങൾക്ക് ഇവിടെ മുന്നേറാൻ സാധിച്ചിട്ടില്ല. വെള്ളത്തിന്റെ പുറത്തെ പായൽപോലെയാണവർ. വാസന ഇല്ലാത്തവീട്ടിൽ ജനിച്ച് കർമ്മമില്ലാതെ വളർന്നതുമൂലം നമ്മുടെ സംസ്കാരത്തെ നന്നാക്കാൻ അവർക്കു കഴിഞ്ഞില്ല. അതാണ് അവരിലെ സാർവത്രികമായ രോഗത്തിനു കാരണം. വാസനയെ വിടാൻ മനസ്സില്ല. സത്യത്തോട് യോജിക്കാതിരിക്കാനും വയ്യ. അതുകൊണ്ടാണ് വേദന. ഇത്തരത്തിൽ സംഘർഷം കൊണ്ടു ചൂടുപിടിച്ചു കെട്ടുപോയ സമൂഹത്തെ പൊക്കിയെടുക്കാൻ എന്തുപാടുപെടണം! സ്നേഹിക്കാൻ കഴിയുന്നവനെയല്ലേ ഇതിനകത്തു പിടിച്ചിടാൻ കഴിയൂ. ഈ വേദനയും വേദന ജനിപ്പിക്കുന്ന വാസനയും എല്ലാംകൂടി ഒന്നിലല്ലേ മുട്ടുന്നത്. ഇതെല്ലാംകൂടി ഒരു വലിയ ശക്തിയിൽ മുട്ടിത്തകർന്നു പോവുകയാണെങ്കിൽ എല്ലാവരുടെ പ്രവൃത്തിയിലും മേന്മയുണ്ടാകും. നീചവാസനകളിൽ നിന്നു പൊങ്ങിവന്നില്ലെങ്കിൽ നിരാശയുടെ കുഴിയിൽ ചെന്നുവീഴും.

# വചനദീപ്തി

ജ്ഞാനകരുണാകര! അങ്ങയുടെ മുഖം കണ്ടപ്പോൾത്തന്നെ നവനാദസിദ്ധന്മാരും അവിടുത്തെ സ്നേഹത്തിനുവേണ്ടി ആഗ്രഹിച്ചുനില്ക്കുന്നു. ശുകമഹർഷി, വാമദേവ ഋഷി തുടങ്ങിയ ജ്ഞാനികളും അങ്ങയുടെ സ്നേഹത്തിനുവേണ്ടി വെമ്പൽ കൊള്ളുന്നു. സ്വർഗവും ഭൂമിയും വന്ന് സാഷ്ടാംഗം നമസ്കരിക്കുന്ന അങ്ങയുടെ മഹിമയെ വർണ്ണിക്കാൻ ആർക്കുകഴിയും. നമുക്കും പൂജിച്ചതിനെ പൂജിക്കാതെ പൂജിക്കേണ്ടതിനെ പൂജിക്കാം.

**തായ്മാനവ സ്വാമി**

## സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

*2017 മാർച്ച് 5 മുതൽ 11 വരെ*

| | |
|---|---|
| **ഞായർ** | **– ലക്ഷ്മിപുരം** |
| **തിങ്കൾ** | **– ആനന്ദപുരം** |
| **ചൊവ്വ** | **– ജനസേവികപുരം** |
| **ബുധൻ** | **– രത്നഗിരി** |
| **വ്യാഴം** | **– സ്നേഹപുരം** |
| **വെള്ളി** | **– കാഞ്ഞാംപാറ** |
| **ശനി** | **– പോത്തൻകോട്** |

## യാമപ്രാർത്ഥന

*2017 മാർച്ച് 9 വ്യാഴം*

**ആനന്ദപുരം, പോത്തൻകോട്, പാലോട്ടുകോണം**

## പൗർണമി

*2017 മാർച്ച് 11 ശനി*

**പ്രകാശപദം**

# ശാന്തിഗിരിയുടെ മാതൃക

**ഞാൻ** പറയുന്ന അന്തരീക്ഷമലിനീകരണം ശാസ്ത്രീകരിച്ചു പോകാവുന്നതും അന്തരീക്ഷത്തിന്റെ സൂക്ഷ്മതലങ്ങളിൽ നില്ക്കുന്നതുമായ ഒരു ഗോളാന്തരസ്വഭാവത്തെപ്പറ്റിയാണ്. ഒരു സൗരയൂഥം 27 നക്ഷത്രവും 12 രാശിയും 9 ഗ്രഹവും ഉൾപ്പെട്ട ഒരു കണക്കിലാണ് നാം ജനിക്കുന്നത്. ഈ ജനനസ്വഭാവം ശുദ്ധീകരിച്ചുപോയിട്ടാണ് ദേവനും ദേവിയും ഋഷിയും ജ്ഞാനിയും ഭക്തനും കലിയിൽ എങ്ങനെ ജനിക്കണമെന്ന് അറിയേണ്ടത്.

കാലദേശങ്ങൾക്ക് അതീതമായി എന്നാൽ കാലത്തിന് അനുസൃതമായി ഭരിച്ചുപോകുന്ന ഒരു പരമ്പര ഏതിൽക്കൂടി വരും? ഇതു കാണിച്ചുകൊടുക്കുന്ന ഗുരു ആരാണ്? ഇതു കാണുന്ന ഗൃഹസ്ഥൻ എന്നല്ല ഏതൊരു വ്യക്തിയാണോ അവൻ കണ്ടിട്ട് സംസർഗത്തിന്റെ നന്മ വന്ന് അങ്ങനെ മൂന്ന് തലമുറ പോയി പിന്നെ ഏഴു തലമുറയെക്കൊണ്ടാണ് ഇത് പൂർത്തീകരിച്ചുപോകുന്ന സ്വഭാവത്തിൽ എത്തിച്ചേരുന്നത്. അന്നു ചിലപ്പോൾ നാം കാണുന്നില്ലെന്നിരിക്കും. പക്ഷെ രാജ്യത്തിന്റെ സ്ഥിതി ഏതു വിധമാണ് അല്ലെങ്കിൽ ഈ ലോകത്തിൽ എന്താണ് ദൈവനിശ്ചയം വച്ചിരിക്കുന്നത് എന്നു കാണുന്ന മക്കൾ അന്നുവരും. അവർ ഇതിനെ നേരായ പാതയിലേക്കു കൊണ്ടുപോകും. അതിനുവേണ്ടി പ്രാർത്ഥിക്കുകയും ബഹുമാനിക്കുകയും ആദരിക്കുകയും വിനയപ്പെടുകയും ചെയ്യുന്ന കർമ്മത്തിനുവേണ്ടിയാണ് നാം പ്രവർത്തിക്കുന്നത്.

ഈ സ്വഭാവത്തെ നമ്മൾ മാനിക്കണം. എന്നിട്ട് ഈ ഭരണം കനിവിനാൽ ഭരിക്കുന്ന സ്വഭാവത്തിലേക്കു വരട്ടെ എന്നു പ്രാർത്ഥിക്കണം. അതിൽ നിന്നുണ്ടാകുന്ന ശാന്തിയും സുഖവും മനുഷ്യനന്മയ്ക്കായി ഉതകട്ടെ. അതിലെ സ്വാർത്ഥതാല്പര്യം വെടിയട്ടെ. ഈ സ്വഭാവം അനുഭവത്തിൽക്കൂടി വരണം. അല്ലാതെ, ധർമ്മം നഷ്ടപ്പെടുത്തി, പുണ്യവും ഭാഗ്യവും നഷ്ടപ്പെടുത്തുന്ന ഒരു ഭാഗത്തേക്കു പോകാതെ അനുഭവസിദ്ധാന്തത്തിലേക്കു പോകണം. ആ അനുഭവസിദ്ധാന്തം തന്റെ വകയായിത്തീർന്ന് അത് തന്റെ ജീവൻമുക്തിക്ക് പാത്രമാകണം. ഇതാണ് ഗുരുപാദാന്തത്തെ ഭജിപ്പവൻ എന്നു യോഗ്യതപ്പെടുത്തി പറയുന്നത്.

ഈ രീതിയിൽ ഭരണസ്വഭാവം എത്തിച്ചിട്ട് തന്റെ പിതൃ എവിടെ, താൻ പൂജിച്ചുപോയ വകയെവിടെ, താനെവിടെ എന്നു കണ്ടിട്ട് ആ ജീവൻ എവിടെപ്പോയി നില്ക്കണമോ അവിടെ നിന്നിട്ട് ജന്മങ്ങളുടെ സഞ്ചയങ്ങളിലേക്കു പോയിട്ട് തിരിച്ചു വീണ്ടും ആ ഗുണമേന്മയോടുകൂടി തന്നെ വന്നു, നേരത്തെ പറഞ്ഞതുപോലെ തലമുറകളുടെ രഹസ്യങ്ങളിലേക്കു പോയി ആ രഹസ്യം തന്റെ സന്താനങ്ങൾക്ക് അനുഭവമായി, ആ അനുഭവം തന്റെ നാടിനും രാജ്യത്തിനും ഉതകുന്നതായിത്തീരും. ഇതാണ് ഗുരുമാർഗത്തിന്റെ വഴി. ഈ പാതയിൽ ശാന്തിഗിരി എന്നും നിങ്ങൾക്ക് മാതൃകയായിരിക്കും. ഈ ലോകത്തിനു മാതൃകയായിരിക്കും. ഇത് ബ്രഹ്മനിശ്ചയമാണ്.

**(ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ**
–അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്)




*സേഫ്റ്റി കൺട്രോൾ റൂം ഉദ്ഘാടന ചടങ്ങ്*

## സേഫ്റ്റി കൺട്രോൾ ഓഫീസ്

**റിസർച്ച് സോൺ:** ശാന്തിഗിരി സേഫ്റ്റി ഡിപ്പാർട്ട്മെന്റും കേരള ഫയർ ഫോഴ്സ്, ചാക്ക ഫയർ റെസ്ക്യൂ സ്റ്റേഷനും ചേർന്ന് പൂജിതപീഠം സമർപ്പണം ആഘോഷത്തിന്റെ ഭാഗമായി ഫെബ്രുവരി 21 ന് ശാന്തിഗിരി സേഫ്റ്റി കൺട്രോൾ ഓഫീസ് തുറന്ന് പ്രവർത്തനം നടത്തി. ആദരണീയ സ്വാമി ജനസമ്മതൻജ്ഞാനതപസ്വി, ചാക്ക ഫയർ സ്റ്റേഷൻ ചുമതലക്കാർതുടങ്ങിയവർ സംബന്ധിച്ചു.




*ശാന്തിഗിരി അഗ്രികൾച്ചർ ഡിപ്പാർട്ട്മെന്റ് നിർമ്മിച്ച ഊർജരഹിത ശീതികരണി*

## "പുരുഷാന്തരങ്ങളുടെ സൂത്രവാക്യം"

തിരുവനന്തപുരം: ഹ്യൂമൻ റിസോഴ്സസ് ഡിപ്പാർട്ട്മെന്റ് ജനറൽ മാനേജർ ഡോ. കെ. ആർ.എസ്. നായർ ആകാശവാണിയിൽ അവതരിപ്പിക്കുന്ന സുഭാഷിതം പരിപാടി- പുരുഷാന്തരങ്ങളുടെ സൂത്രവാക്യം- മാർച്ച് ആറിന് രാവിലെ 5.55 നും രാത്രി 11.05 നും പ്രക്ഷേപണം ചെയ്യുന്നതാണ്.

## പൊതുയോഗം

**റിസർച്ച് സോൺ:** ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ പൊതുയോഗം ഇന്ന് രാവിലെഏഴുമണിക്ക്റിസർച്ച് സോൺ ഓഡിറ്റോറിയത്തിൽ വച്ച് നടക്കും. സർവാദരണീയ ജനനി സുപഥ ജ്ഞാനതപസ്വിനി, ആദരണീയ സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി, ഗൃഹസ്ഥാശ്രമസംഘം ഗവേണിംഗ് കമ്മിറ്റി ചുമതലക്കാർ തുടങ്ങിയവർ സംബന്ധിക്കും.

## പ്രാർത്ഥനായോഗം

**സ്പിരിചൽ സോൺ:** ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ യൂണിറ്റ് പ്രാർത്ഥനായോഗം ഫെബ്രുവരി 25 ശനിയാഴ്ച നടന്നു. കാഞ്ഞാംപാറ യൂണിറ്റിൽ പി.പി. ബാബു–ഷൈലജ സി.വി. ദമ്പതികളുടെ ഭവനമായ 'തീർത്ഥ' ത്തിൽ വച്ചു നടന്ന പ്രാർത്ഥനയിൽ സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വിയും സ്നേഹപുരം യൂണിറ്റിൽ രാജേഷ് എം.–ജീനാ രാജേഷ് ദമ്പതികളുടെ ഭവനമായ 'മഹിത'ത്തിൽ വച്ചു നടന്ന പ്രാർത്ഥനയിൽ സ്വാമി ജനമോഹനൻ ജ്ഞാനതപസ്വിയും ജ്യോതിപുരം യൂണിറ്റിൽ ശ്യാംജി ശശിധരൻ– സ്മിതാലക്ഷ്മി ദമ്പതികളുടെ ഭവനമായ 'ശാന്തിശ്രീ' യിൽ വച്ചു നടന്ന പ്രാർത്ഥനായോഗത്തിൽ സ്വാമി ജനമോഹനൻ ജ്ഞാനതപസ്വിയും നേതൃത്വം നൽകി.

# ശാന്തിഗിരി വിദ്യാഭവനിൽ സ്കൗട്ട്സ് ആന്റ് ഗൈഡ്സ് യൂണിറ്റ്



*ശാന്തിഗിരി വിദ്യാഭവൻ സ്കൗട്ട് ആന്റ് ഗൈഡ്സ് യൂണിറ്റ് രൂപീകരണ യോഗത്തിൽ നിന്ന്*

**പോത്തൻകോട്:** ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ പുതിയ സ്കൗട്ട് ആന്റ് ഗൈഡ് യൂണിറ്റിന്റെ ഉദ്ഘാടനം ഫെബ്രുവരി 28, ബുധനാഴ്ച നടന്നു. ഇതോടനുബന്ധിച്ച് ചേർന്ന സമ്മേളനം സ്കൗട്ട്സ് ആന്റ് ഗൈഡ്സ് ജില്ലാ സെക്രട്ടറി ജോളി എസ്.കെ. ഉദ്ഘാടനം ചെയ്തു. ശാന്തിഗിരി എജ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് ഹെഡ് സ്വാമി നിർമോഹാത്മ ജ്ഞാനതപസ്വി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ പോത്തൻകോട് സർക്കിൾ ഇൻസ്പെക്ടർ ഷാജി എസ്. മുഖ്യ പ്രഭാഷണം നടത്തി. സമൂഹത്തിൽ വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾക്കെതിരെ വിദ്യാർത്ഥികൾ പ്രവർത്തിക്കണമെന്നും അതിനുള്ള മാർഗമായി സ്കൗട്ട് പ്രസ്ഥാനം മാറണമെന്നും അദ്ദേഹം പറഞ്ഞു.

ഡിസ്ട്രിക്റ്റ് ട്രെയിനിംഗ് കമ്മീഷണർ ഹരികുമാർ, സ്കൗട്ട് പ്രസ്ഥാനത്തിന്റെ ഉത്ഭവത്തെയും പ്രവർത്തനരീതികളെയും കുറിച്ച് വിശദീകരിച്ചു. ഡോ. കെ.ആർ.എസ്. നായർ, ഡി. പ്രദീപ് കുമാർ എന്നിവരും സംസാരിച്ചു. സ്കൂൾ പ്രിൻസിപ്പൽ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി സ്വാഗതവും പ്രദീപ് വി.എസ്. നന്ദിയും പറഞ്ഞു.

# കുക്കിംഗ് ഗ്യാസ് കണക്ഷൻ

**എജ്യൂക്കേഷൻ സോൺ:** രജനി ഗ്യാസ് ഏജൻസി (ഹിന്ദുസ്ഥാൻ പെട്രോളിയം ) കണക്ഷൻ എടുത്തിട്ടുള്ള ഉപഭോക്താക്കളുടെ വീടുകളിൽ രണ്ടു വർഷത്തിലൊരിക്കൽ നടത്തുന്ന സുരക്ഷാ പരിശോധനയ്ക്കായി നിയുക്തരായിട്ടുള്ളവർ എത്തുമ്പോൾ റേഷൻകാർഡ്, എസ്.വി. പേപ്പർ, പാസ് ബുക്ക് എന്നിവ കാണിക്കേതാണെന്ന് ഗൃഹസ്ഥാശ്രമസംഘം ഓഫീസിൽ നിന്നും അറിയിച്ചു. 150 രൂപ ഫീസ് അടയ്ക്കേതും പരിശോധന ലിസ്റ്റ് വാങ്ങി സൂക്ഷിക്കേണ്ടതുമാണ്.

# എച്ച്.ആർ. വാർത്തകൾ

**പുന:സംഘടിപ്പിച്ച ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം യൂണിറ്റ് കമ്മിറ്റി**

**ആനന്ദപുരം** – മുരളീധരൻ പിള്ള എം., ബാബു റ്റി.ആർ., അനിൽകുമാർ വി., ലളിത ബി., സതി പി., സുലത സുഭാഷ്, ഗീതകുമാരി എസ്.,

**ജനസേവികപുരം** – ബാലകൃഷ്ണപിള്ള കെ., ഗോപകുമാർ ജി., സാബു പി.വി., ഉണ്ണി ഉല്ലാസ്, മുരളിധരൻ പിള്ള എം. പി., കെ.ബാബുരാജ് എൻ.പി., ജിജി. എം. എം., സരസ്വതി കെ.

**ജ്യോതിപുരം** – സ്മിജേഷ് എസ്. എം., രാജീവ് വി., കുമാരി പി.കെ., സജിത്ത് കെ., മോഹനൻ പി.വി.

**കാഞ്ഞാംപാറ** – ജയശീലൻ വി.ഡി., മോഹനൻ ജി., സുജിത്ത് എസ്., ദിനേഷ് ആർ., സിന്ധുമോൾ ആർ.

**കരുണപുരം** – അനിൽ കുമാർ എസ്., ബൈജു ജി., മോഹനൻ പി.ബി., കൈരളി ഒ.എസ്., സുധർമ്മ വി.എസ്.

**ലക്ഷ്മിപുരം** – പ്രതാപൻ വി.ജി., രഞ്ജിത്ത് പി.കെ., രമ പത്മസേനൻ, സുഹാസിനി ഡി., അനിത എൽ., സുപ്രിയ എ.

**പാലോട്ടുകോണം** – ഡോ ബിജുരാജ് എം.എം., വിശ്വംഭരൻ എ.ആർ., ഷിബു വി., സജുരാജ് എം., വിനേഷ് പി.

**പോത്തൻകോട്** – പ്രേംരാജ് എം.കെ., സുദർശനൻ വി., മണിലാൽ റ്റി.ആർ., സുജിത്ത് വി.എസ്., സുരേഷ് എം.എം., രേഖ ഗണേഷ്, ശിവചിത്ര എസ്.

**രത്നഗിരി** – ഗോപകുമാർ ജി., ലെജു പി. എസ്., മോഹനൻ സി., ഭാസി കെ., ബിനു ജി.,ബിജു കെ. ആനന്ദവല്ലി റ്റി.എൻ., ഗിരിജ കുമാരി എസ്.

**ശാന്തിഗിരി ജംഗ്ഷൻ** – മോഹൻ എൻ.റ്റി., പ്രദീപ് കുമാർ വി., വിജയൻ ജി., സുമ പി.ജി., മുരുകൻ പി., രാധിക കെ.എസ്.

**ശാന്തിപുരം** – വസിഷ്ഠൻ പി., നാരായണൻ കെ.കെ., പ്രദീപ് കുമാർ വി, ഷൺമുഖൻ കെ., ലീജ ആർ., ശ്രീദേവി എസ്.

**സ്നേഹപുരം** – സജീവ് എം., കിഷോർ കുമാർ റ്റി.കെ., സുനിൽ കുമാർ ബി., സുരേന്ദ്രൻ കെ., സുനന്ദ സി.പി., ഷീജ എം.എം., ഗംഗ ആർ.ജി.



*മാതൃമണ്ഡലത്തിന്റെ ആഭിമുഖ്യത്തിൽ പോത്തൻകോട് ലക്ഷ്മിവിലാസം സ്കൂളിൽ നടത്തിയ ഗുരുവിന്റെ ജീവചരിത്രസംഗ്രഹം വിതരണം*

# കൊയ്ത്തുൽസവം നടന്നു

**ഇരിവേലി (കണ്ണൂർ):** ഗുരുവിന്റെ നവതി ആഘോഷങ്ങളുടെ ഭാഗമായി കണ്ണൂർ ജില്ലയിലെ ആത്മബന്ധുക്കൾ തരിശുനിലം കൃഷി ഭൂമിയാക്കുന്ന പദ്ധതി പ്രകാരം നടത്തിയ നെൽകൃഷിയിൽ ലഭിച്ചത് നൂറുമേനി. ഇരുവേലിയിൽ വർഷങ്ങളായി തരിശായി കിടന്നിരുന്ന മൂന്നേക്കറോളം വരുന്ന സ്ഥലത്താണ് കൃഷിയിറക്കിയത്. ചെമ്പിലോട് പഞ്ചായത്തിന്റെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കിയത്. വിളവെടുപ്പ് ഉത്സവം കെ.കെ. രാഗേഷ് എം.പി. ഉദ്ഘാടനം ചെയ്തു. ആദരണീയ സ്വാമി മനുചിത് ജ്ഞാനതപസ്വി, ആദരണീയ സ്വാമി ആനന്ദജ്യോതി ജ്ഞാന തപസ്വി, ജനപ്രതിനിധികൾ, രാഷ്ട്രീയ സാമൂഹികരംഗങ്ങളിലെ പ്രമുഖർ തുടങ്ങിയവർ പങ്കെടുത്തു.

# ദിവംഗതരായി



*ശ്രീധരൻ*

**ആറ്റിങ്ങൽ :** ആദരണീയ സ്വാമി മധുശ്രീ ജ്ഞാന തപസ്വിയുടെ പിതാവ് മുരുക്കുംപുഴ ശാരദാഭവനിൽ ശ്രീധരൻ (99) ഫെബ്രുവരി 24 ന് ദിവംഗതനായി. എസ്.എൻ.ഡി.പി മുരുക്കുംപുഴ ശാഖ മുൻ സെക്രട്ടറിയാണ്. ഭാര്യ: ദിവംഗതയായ ശാരദ. മറ്റ് മക്കൾ : പ്രതാപ്കുമാർ, സുനിൽകുമാർ, സുഭാഷ്, കുശലകുമാരി, പ്രമീള, ദിവംഗതരായ ജയകുമാർ, ഷൈല, ജയശ്രീ.



*എൻ. വിജയാധരൻ*

**ശാസ്താംകോട്ട :** ശാന്തിഗിരി വിശ്വാസാംസ്കാരികനവോത്ഥാനകേന്ദ്രം കരുനാഗപ്പള്ളി ഏരിയ കമ്മിറ്റി കൺവീനറായ ചാത്തംകുളംചക്കുവള്ളി 'ഗുരുദീപ്ത'ത്തിൽ വിജയാധരൻ (69) ഫെബ്രുവരി 28 ന് ദിവംഗതനായി. റിട്ട. സി.ആർ.പി.എഫ് ഉദ്യോഗസ്ഥനാണ്. ഭാര്യ :ചന്ദ്രിക മക്കൾ : ശക്തികുമാർ, ബിനുകുമാർ.



# ആശംസകൾ



അപ്പാ! ഗുരുവെ! ഫെബ്രുവരി 24 ന് ഷഷ്ഠിപൂർത്തി ആഘോഷിച്ച പാലോട്ടുകോണം 'പരമദീപ്ത'ത്തിൽ എ. ശോഭനയ്ക്ക് എല്ലാവിധ നവോന്മേഷവും ആയുരാരോഗ്യവും സൗഖ്യവും നന്മകളും ഐശ്വര്യവും നൽകി അനുഗ്രഹിക്കണേ എന്ന് ഗുരുവിനോട് പ്രാർത്ഥിച്ചുകൊണ്ട്....

ഭർത്താവ് : ഡി. ശരത്ചന്ദ്രൻ

മക്കൾ : രചന എസ്, ത്രിതീയ എസ്, അമൃത എസ്.

മരുമക്കൾ : എസ്. ഗിരീഷ്കുമാർ, എസ്. സുനിൽകുമാർ, ബി.ബിമൽ

ചെറുമക്കൾ : ആർ . ശാന്തിപ്രിയ, ആർ. ജനലക്ഷ്മി എസ്. കരുണരൂപൻ , എസ് .കരുണപ്രിയ.

(advt)


# വിവാഹിതരായി



ആലപ്പുഴ പഴവീട് 'ഗുരുദാന'ത്തിൽ റ്റി.സി സുരേഷിന്റെ മകൻ അരുൺ സുരേഷും, ചേർത്തല കെ.ആർ പുരം 'ഗുരുദാന'ത്തിൽ റ്റി.പി പ്രകാശന്റെ മകൾ അരുണിമ പ്രകാശും 2017 മാർച്ച് 1 ന് ശാന്തിഗിരി ആശ്രമത്തിൽ വച്ച് വിവാഹിതരായി.

# ഗുരുശിഷ്യബന്ധത്തിന്റെ പവിത്രത ശാന്തിഗിരിയിലൂടെ അന്വർത്ഥമാകുന്നു: മന്ത്രി കടന്നപ്പള്ളി



*പൂജിതപീഠം ആഘോഷങ്ങളുടെ ഉദ്ഘാടനം മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ നിർവഹിക്കുന്നു*

**റിസർച്ച് സോൺ:** വർത്തമാനകാലത്തിൽ ഗുരുശിഷ്യബന്ധത്തിന്റെ പ്രാധാന്യം വളരെ വലുതാണെന്നു പൂജിതപീഠം സമർപ്പണം ആഘോഷം ഉദ്ഘാടനം ചെയ്തുകൊണ്ട് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ പറഞ്ഞു. ഗുരുവനന്ദനത്തിന്റേയും, ഗുരുപരമ്പരയുടേയും, മതേതരത്ത്വത്തിന്റേയും പ്രസക്തി ഈ കാലഘട്ടത്തിൽ വിളിച്ചോതുന്ന ഇടമാണ് ശാന്തിഗിരി എന്നും അദ്ദേഹം പറഞ്ഞു. സ്വജീവിതം കൊണ്ട് ഗുരുപരമ്പരയുടെ പ്രാധാന്യം സാക്ഷാത്ക്കരിക്കുന്ന പൂജിതപീഠം സമർപ്പണം ആഘോഷം എന്തുകൊണ്ടും വളരെ പ്രത്യേകതയുള്ളതാണ്. ശാസ്ത്ര സാങ്കേതിക വിദ്യകൾക്ക് നമ്മുടെ ജീവിത നിലവാരം ഉയർത്താൻ കഴിയും എന്നാൽ വ്യക്തികളുടെ മനസ്സമാധാനം ഉയർത്തുന്നതിന് ഗുരുശിഷ്യബന്ധത്തിലൂന്നിയ ആത്മീയരീതിയിലൂടെ മാത്രമേ സാധിതമാകുമെന്നും മന്ത്രി പറഞ്ഞു. സംസാരിക്കുകയായിരുന്നു മന്ത്രി. ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വി അദ്ധ്യക്ഷനായിരുന്നു. ഒമാനിലെ പാർലമെന്റ് മെംബർ അഹമ്മദ് മുഹമ്മദ് യഹിയ അൽ ഹദാബി, നടിയും മുൻ എം.പിയുമായ ഡോ.ഉർവശി ശാരദ, നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് സി.ഇ.ഒ. മനീഷ് കുമാർ, വേൾഡ് അയ്യപ്പ സേവ സമിതി പ്രസിഡന്റ് കെ.എൻ.പാർത്ഥസാരഥി പിള്ള എന്നിവർക്ക് ശാന്തിഗിരി ഏർപ്പെടുത്തിയ പ്രതിഭാ പുരസ്കാരം മന്ത്രി ചടങ്ങിൽ വിതരണം ചെയ്തു.

തിരുവനന്തപുരം ജില്ലയിലെ മികച്ച പഞ്ചായത്തിനുള്ള പുരസ്കാരം കരസ്ഥമാക്കിയ മാണിക്കൽ ഗ്രാമപഞ്ചായത്ത് ഭാരവാഹികളെയും, ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ നിന്നും എം.എസ്.സി. പോളിമർ കെമിസ്ട്രിയിൽ മൂന്നാം റാങ്ക് നേടിയ കുമാരി ആരതിയേയും ചടങ്ങിൽ മന്ത്രി ആദരിച്ചു. ശാന്തിഗിരി ഗൃഹസ്ഥാശ്രമ സംഘത്തിന്റെ നിർദ്ധനർക്ക് വീട് വെച്ച് നൽകുന്ന പദ്ധതിപ്രകാരം നിർമ്മിച്ച വീടിന്റെ താക്കോൽ മന്ത്രിയിൽ നിന്നും മോഹനൻ സി രാധാമണി ജി ദമ്പതികൾ ഏറ്റുവാങ്ങി.

ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി, പാച്ചല്ലൂർ അബ്ദുൾ സലീം മൗലവി, ഫാദർ ജോസ് കിഴക്കേടം എന്നിവർ മഹനീയ സാന്നിദ്ധ്യം വഹിച്ചു. ചടങ്ങിൽ ആർട്സ് ആന്റ് കൾച്ചർ സീനിയർ അഡ്വൈസർ കെ.സതീശൻ രചിച്ച ഗുരുവിന്റെ ത്യാഗജീവിതം വിവരിക്കുന്ന 'ഗുരുശിഷ്യദീപ്തി' എന്ന പുസ്തകത്തിന്റെ പ്രകാശനം സി. ദിവാകരൻ എം.എൽ.എ. നിർവ്വഹിച്ചു.

യോഗത്തിൽ ജമാ അത്തെ ഇസ്ലാമി തിരുവനന്തപുരം പ്രസിഡന്റ് ജനാബ് എച്ച് ഷഹീർ മൗലവി, മാണിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്.സുജാത, പോത്തൻകോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.വേണുഗോപാലൻ നായർ, കോൺഗ്രസ് എസ്.ജനറൽ സെക്രട്ടറി ഉഴമലയ്ക്കൽ വേണുഗോപാൽ, മാണിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്.സുജാത, വാമനപുരം ബ്ലോക്ക് പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ജി.കലാകുമാരി, മാണിക്കൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ. ജയൻ,ഡി.സി.സി.സെക്രട്ടറി വെമ്പായം അനിൽകുമാർ, ബി.ജെ.പി.തിരുവനന്തപുരം ജില്ലാ സെക്രട്ടറി എം. ബാലമുരളി, ഒമാൻ മിഡിൽ ഈസ്റ്റ് യൂണിവേഴ്സിറ്റി ഡീൻ ഡോ.ജി.ആർ.കിരൺ, സിന്ധൂരം ചാരിറ്റീസ് ചെയർമാൻ സബീർ തിരുമല, കേരളകോൺഗ്രസ് (എം.) ജില്ലാ സെക്രട്ടറി എം.ഷോഫി., സി.പി.ഐ.(എം) മാണിക്കൽ ലോക്കൽ കമ്മിറ്റി സെക്രട്ടറി ഇ.എ.സലീം, സി.പി.ഐ(എം) പോത്തൻകോട് ലോക്കൽ കമ്മിറ്റി സെക്രട്ടറി എൻ.ജി. കവിരാജൻ, സി.പി.ഐ. മാണിക്കൽ ലോക്കൽ കമ്മിറ്റി സെക്രട്ടറി വി.എസ്.സനൽ കുമാർ, വെഞ്ഞാറമ്മൂട് റൂറൽ കോപ്പറേറ്റീവ് സൊസൈറ്റി പ്രസിഡന്റ് റ്റി.മണികണ്ഠൻ നായർ, ഐ.എൻ.റ്റി.യു.സി. മണ്ഡലം പ്രസിഡന്റ് കെ.കിരൺദാസ്, ബി.ജെ.പി. മാണിക്കൽ പഞ്ചായത്ത് കമ്മിറ്റി പ്രസിഡന്റ് പി.വി.മുരളീകൃഷ്ണൻ, ഗ്രാമപഞ്ചായത്ത് മെമ്പർമാരായ കോലിയക്കോട് മഹേന്ദ്രൻ, എ. അനിൽകുമാർ, കെ.ദേവകി, എസ്.സുധർമ്മിണി, ആർ.സഹീറത്ത് ബീവി, യുവജനവേദി ആർട്സ് ക്ലബ് സെക്രട്ടറി ജോഷ് കുമാർ, സർഗ്ഗ കൈരളി ക്ലബ് പ്രസിഡന്റ് ബിജു ലാൽ, ശാന്തിഗിരി വി.എസ്.എൻ.കെ. ജനറൽ കൺവീനർ ടി.കെ.ഉണ്ണികൃഷ്ണപ്രസാദ്, മാതൃമണ്ഡലം ഡെപ്യൂട്ടി ജനറൽ കൺവീനർ രേഖ വി., ശാന്തിമഹിമ അസിസ്റ്റന്റ് കൺവീനർ മനു.എൻ.എം., ഗുരുമഹിമ കോർഡിനേറ്റർ ഡോ.ഗായത്രി.പി. എന്നിവർ ആശംസകളർപ്പിച്ചു. സ്വാമി ജനനന്മ ജ്ഞാനതപസ്വി സ്വാഗതവും അഡ്വൈസറി കമ്മിറ്റി സീനിയർ ജനറൽ കൺവീനർ ഡി. പ്രദീപ് കുമാർ നന്ദിയും പറഞ്ഞു.



*'ഗുരുശിഷ്യദീപ്തി' പുസ്തകപ്രകാശനം*



*'വാസശ്രീ' പദ്ധതി സഹായവിതരണം*



*'ഹരിതകേരളം' സംഗീത ആൽബം പ്രകാശനം*



*ശാന്തിഗിരി പ്രതിഭ പുരസ്കാരദാനം*

## പ്രവാസി മലയാളി ഫെഡറേഷൻ പ്രഥമ ജി.സി.സി. മീറ്റ്

**മനാമ:** ജാതിമത രാഷ്ട്രീയ ഭേദമന്യേ ലോകമെമ്പാടുമുള്ള പ്രവാസി മലയാളികളുടെ ക്ഷേമപ്രവർത്തനം ലക്ഷ്യമിട്ട് ആഗോളതലത്തിൽ പ്രവർത്തിച്ചുവരുന്ന സംഘടനയായ പ്രവാസി മലയാളി ഫെഡറേഷന്റെ (പി.എം.എഫ്) പ്രഥമ ജി.സി.സി. (ഗൾഫ് സഹകരണ കൗൺസിൽ) മീറ്റ് മാർച്ച് മൂന്നിന് ബഹറിനിൽ വച്ച് നടന്നു. പ്രവാസി മലയാളി ഫെഡറേഷൻ രക്ഷാധികാരികൂടിയായ ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്തു. പി.എം.എഫ്. ഭാരവാഹികൾ സംബന്ധിച്ചു. ഏഷ്യയിലെ മൂന്നാമത്തെ ചെറിയ രാജ്യമായ ബഹറിനിൽ വച്ച് പി.എം.എഫ് ബഹറിൻ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ജി.സി.സി. രാജ്യങ്ങളായ സൗദി അറേബ്യ,യു.എ.ഇ, കുവൈറ്റ്, ബഹറിൻ, ഒമാൻ, ഖത്തർ എന്നിവിടങ്ങളിലെ പ്രവാസി മലയാളികളുടെ ക്ഷേമപ്രവർത്തനങ്ങൾ ലക്ഷ്യമിട്ടാണ് മീറ്റ് നടത്തിയത്.



Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
**Editorial Head:** Janani Divya Jnana Thapaswini **Editor:** T. Sasimohan **Senior Co-ordinating Editor:** Anil Cherthala